**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 608** **08-10-2024 - ൽ മറുപടിയ്ക്ക്**

**പുനലൂരിലെ പ്ലാസ്റ്റിക് റീസൈക്ലിംഗ് യൂണിറ്റ് വിപുലീകരിക്കുന്നതിനുള്ള പ്രോജക്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി എസ് സുപാൽ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | പുനലൂരിലെ പ്ലാച്ചേരിയിൽ, നഗരസഭ കുടുംബശ്രീ അംഗങ്ങളുടെ പിന്തുണയോടെ പ്രവർത്തിപ്പിക്കുന്ന പ്ലാസ്റ്റിക് റീസൈക്ലിംഗ് യൂണിറ്റ് അധികമായി ഉല്പാദിപ്പിക്കുന്ന പ്ലാസ്റ്റിക് തരികൾ തമിഴ് നാട്ടിലെ ഉല്പന്ന നിർമ്മാണ യൂണിറ്റുകൾക്ക് വളരെ കുറഞ്ഞ ചെലവിൽ വിപണനം ചെയ്യേണ്ടിവരുന്നതിനാൽ പ്രസ്തുത തരികൾ ഉപയോഗിച്ച് മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള യൂണിറ്റ് ആരംഭിക്കുന്നതിനായി സർക്കാരിനു സമർപ്പിച്ചിട്ടുള്ള പ്രൊജക്ടിൻമേൽ സ്വീകരിച്ച നടപടി വിശദമാക്കാമോ; | (എ) | പുനലൂരിലെ പ്ലാസ്റ്റിക് റീസൈക്ലിംഗ് യൂണിറ്റ് അധികമായി ഉല്പാദിപ്പിക്കുന്ന പ്ലാസ്റ്റിക് തരികൾ ഉപയോഗിച്ച് മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള യൂണിറ്റ് ആരംഭിക്കുന്നതിനുള്ള പ്രൊജക്ടുകളൊന്നും വ്യവസായ വകുപ്പിൽ ലഭ്യമായിട്ടില്ല. എന്നാൽ പുനലൂർ നഗരസഭയുടെ അധീനതയിലുള്ള ഭൂമിയിൽ ഒരു പ്ലാസ്റ്റിക് പ്രൊഡക്ട് മേക്കിങ് യൂണിറ്റ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് വ്യവസായ വകുപ്പിൽ സമർപ്പിച്ച അപേക്ഷ റിപ്പോർട്ടിനായി കൊല്ലം ജില്ലാ വ്യവസായ കേന്ദ്രത്തിലേക്ക് കൈമാറിയിട്ടുണ്ട്. |
| (ബി) | മൂന്ന് ഏക്കർ വിസ്തീർണ്ണമുള്ളതുമായ പ്രസ്തുത യൂണിറ്റ് വിപുലീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ; | (ബി) | ടി യൂണിറ്റ് വിപുലീകരിക്കുന്ന വിഷയം വ്യവസായ വകുപ്പിന്റെ പരിധിയിൽ വരുന്നതല്ല. |
| (സി) | നഗരസഭ ഉൾപ്പെടെ ജില്ലയിലെ മാലിന്യപ്രശ്നം പരിഹരിക്കുന്നതിനുള്ള നൂതന രീതി എന്ന നിലയിൽ സമർപ്പിച്ചിട്ടുള്ള പ്രൊജക്ടിൻമേൽ തുടർ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) | വ്യവസായ വകുപ്പിൽ ലഭിച്ച അപേക്ഷയിന്മേൽ ജില്ലാ വ്യവസായ കേന്ദ്രത്തിൽ നിന്നും റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക്, ആയത് പരിശോധിച്ച് തുടർ നടപടി സ്വീകരിക്കും |

സെക്ഷൻ ഓഫീസർ